I ഇ.ബി. XV -  കേരള നിയമസഭ/V-3

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂൺ 30, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അടിയന്തരപ്രമേയം

ഇക്കോ സെൻസിറ്റീവ് സോൺ

മി. സ്പീക്കർ: മുഴുവൻ വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടെയും ചുറ്റും ചുരുങ്ങിയത് ഒരു കിലോമീറ്ററിൽ കുറയാത്ത ദൂരത്തിൽ ഇക്കോ സെൻസിറ്റീവ് സോൺ (ഇ.എസ്.ഇസഡ്.)

നിർബന്ധമാക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവിനെത്തുടർന്ന് കർഷകരടക്കമുള്ള ലക്ഷക്കണക്കിന് ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കാൻ സർക്കാർ പരാജയപ്പെട്ട ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 03-06-2022-ലെ ബഹു. സുപ്രീംകോടതി ഉത്തരവിനെത്തുടർന്ന് ഇ.എസ്.ഇസഡ്.-ന്റെ പരിധിയിൽ നിന്നും ജനവാസകേന്ദ്രങ്ങളെ ഒഴിവാക്കണമെന്ന നിലപാട് സ്വീകരിക്കുകയും 08-06-2022-ലെ ഉന്നതതലയോഗത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിശദമായ സ്ഥിതിവിവരക്കണക്കുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷകൾ സമർപ്പിച്ചത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന ഈ വിഷയത്തിൽ സർക്കാർ

യാതൊരു അലംഭാവവും കാണിച്ചിട്ടില്ല.

ശ്രീ. സണ്ണി ജോസഫ്: വന്യജീവി സങ്കേതങ്ങളുടെ അതിർത്തിയോട് ചേർന്നുകിടക്കുന്ന ജനവാസ കേന്ദ്രങ്ങളെ പ്രതികൂലമായി ബാധിക്കുന്ന ഉത്തരവാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ചിരിക്കുന്നത്. ഇ.എസ്.ഇസഡ്. പരിധിയിൽ പുതിയ നിർമ്മാണം പാടില്ലെന്നും നിലവിലുള്ള നിർമ്മാണങ്ങളുടെ കണക്ക് ലഭ്യമാക്കണമെന്നും വസ്തുവകകളുള്ളവർ ചീഫ് വൈൽഡ് ലൈഫ് വാർഡന് ആറ് മാസത്തിനുള്ളിൽ അപേക്ഷ കൊടുത്ത് അനുവാദം വാങ്ങണമെന്നുമുള്ള ഉത്തരവ് ജനസാന്ദ്രതയും വനവിസ്തൃതിയും കൂടുതലുള്ള കേരളത്തിന് ഏറെ ബുദ്ധിമുട്ടുണ്ടാക്കും. ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഇക്കോ സെൻസിറ്റീവ് സോണിൽനിന്നും ഒഴിവാക്കണം. ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പൂജ്യം മുതൽ പന്ത്രണ്ട് കിലോമീറ്റർ വരെയുള്ള ജനവാസ കേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കാനാണ് 08-05-2013-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചത്.

2018-ലുണ്ടായ അസാധാരണമായ വെള്ളപ്പൊക്കത്തേയും ഉരുൾപൊട്ടലിനേയും തുടർന്ന് പുതുക്കിയ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റിപ്പോർട്ടാണ് 2020-ൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളത്. ജനങ്ങളെ ബാധിക്കുന്ന ഈ പ്രശ്നങ്ങളുടെ ഗൗരവം ഉൾക്കൊണ്ടുകൊണ്ടാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. വനമേഖലയിലെ ജനങ്ങളുടെ താല്പര്യം സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

1. <u>എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചവർക്ക് തുടർപഠനം ഉറപ്പാക്കൽ</u>

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും തുടർപഠനം ഉറപ്പുവരുത്തുന്നതിനും മലബാർ

മേഖലയിലെ പ്ലസ് വൺ സീറ്റുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ നിലനിൽക്കുന്ന ആശങ്ക ദൂരീകരിക്കുന്നതിനും ആദ്യഘട്ടത്തിൽതന്നെ സീറ്റുകളുടെ എണ്ണത്തിൽ മാർജിനൽ ഇൻക്രീസ് വരുത്തി അലോട്ട്മെന്റ് നടത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്തെ 2022-23 അദ്ധ്യയനവർഷത്തെ ഹയർ സെക്കണ്ടറി ഒന്നാംവർഷ പ്രവേശനം മൂന്നുഘട്ടങ്ങളിലായി ഏകജാലക സംവിധാനത്തിലൂടെ നടത്താനാണ് ഉദ്ദേശിക്കുന്നത്. എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച എല്ലാ വിദ്യാർത്ഥികൾക്കും വി.എച്ച്.എസ്.ഇ, ഹയർ സെക്കണ്ടറി, പോളിടെക്നിക്, ഐ.റ്റി.ഐ. എന്നിവയിലുൾപ്പെടെ ഉപരിപഠനത്തിന് അവസരമൊരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ. പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്കും പ്ലസ് വൺ പ്രവേശനത്തിന് അവസരം നൽകേണ്ടതുണ്ട്. മാർജിനൽ ഇൻക്രീസ് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചുവരികയാണ്.

## 2. അങ്കണവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ഡോ. മാത്യു കുഴൽനാടൻ: സംസ്ഥാനത്തെ അങ്കണവാടികൾ

ആധുനികവത്കരിക്കുന്നതിനും ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും അമിത ജോലിഭാരം ലഘൂകരിക്കുന്നതിനും വർക്കർ, ഹെൽപ്പർ എന്നിവർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിനും നടപടി സ്വീകരിക്കണം. അങ്കണവാടികൾ, പ്ലേ സ്കൂളുകൾ എന്നിവ ആരംഭിക്കാനുള്ള അനുവാദം നൽകുന്നതിനായി കൃത്യമായ മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): വനിത-ശിശുവികസന വകുപ്പിനുകീഴിൽ സംസ്ഥാനത്താകെ 33115 അങ്കണവാടികളാണ് പ്രവർത്തിക്കുന്നത്. അങ്കണവാടി പ്രവർത്തകരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള സമഗ്രമായ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. അങ്കണവാടി ജീവനക്കാർക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന 60:40 അനുപാതത്തിലുള്ള ഓണറേറിയത്തിനുപുറമേ സംസ്ഥാന സർക്കാരും അധിക തുക നൽകിവരുന്നുണ്ട്. അങ്കണവാടി സ്ഥിരം വർക്കറായി പത്ത് വർഷം സർവ്വീസ് പൂർത്തിയാക്കിയവർക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനത്തിന് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. സ്മാർട്ട് അങ്കണവാടി പദ്ധതിയിലുൾപ്പെടുത്തി 204

അങ്കണവാടികൾക്ക് നിർമ്മാണാനുമതി നൽകുകയും ഈ വർഷം 25 എണ്ണം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുകയും ചെയ്യുന്നു. വൈദ്യുതി/തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സഹായത്തോടെ 2500-ലധികം അങ്കണവാടികൾ വൈദ്യുതവത്കരിക്കുകയുണ്ടായി. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ ശിശുസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് വർഷംതോറും തുക അനുവദിച്ചുവരുന്നു. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ അങ്കണവാടി കെട്ടിടങ്ങൾക്കും തദ്ദേശസ്വയം ഭരണ വകുപ്പ് മുഖേന ഫിറ്റ്നസ് പരിശോധന നടത്തി സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## III. സബ്മിഷൻ

### (1) ചവറ പ്രകൃതിവാതക സംഭരണ കേന്ദ്രം

ഡോ. സുജിത് വിജയൻപിള്ള: ചവറ ബ്ലോക്കിൽ പന്മന പഞ്ചായത്തിലെ നിർദ്ദിഷ്ട തീരദേശ ഹൈവേയോടും ദേശീയജലപാതയോടും ചേർന്നുകിടക്കുന്ന 38 ഏക്കർ സ്ഥലത്ത് പ്രകൃതിവാതക സംഭരണ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ചവറയിൽ കെ.എം.എം.എൽ.-ന്റെ കൈവശമുള്ള ഭൂമി ലിക്വിഫൈഡ് കമ്പ്രസർ

നാച്വറൽ ഗ്യാസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയതിനാൽ ഭൂമി അനുവദിക്കുന്നതിന് കെ.എം.എം.എൽ.-നെ സമീപിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം അനുവദിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ മറ്റ് സ്ഥലങ്ങൾ പരിഗണിക്കുന്നതാണ്.

## (2) പെരിന്തൽമണ്ണയിലെ എസ്.സി. കോളനിനിവാസികൾക്ക് ആധാരവും പട്ടയവും

ശ്രീ. നജീബ് കാന്തപുരം: പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ എസ്.സി. കോളനിനിവാസികൾക്ക് മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി പട്ടയം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഈ സാമ്പത്തിക വർഷം മലയോര, പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിലെ കുടുംബങ്ങൾക്ക് പൂർണ്ണമായും പട്ടയം ലഭ്യാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. പട്ടയ ഡാഷ്ബോർഡിലൂടെ ഓരോ പ്രദേശത്തെയും ഭൂമിയുടെ ലഭ്യത, പട്ടയവിതരണത്തിനുള്ള തടസ്സം എന്നിവ മനസ്സിലാക്കാനും പ്രശ്നങ്ങൾ പരിഹരിച്ച് പട്ടയവിതരണം ത്വരിതപ്പെടുത്താനും ശ്രമിച്ചുവരുന്നു. പ്രസ്തുത വിഷയത്തിന്മേൽ തദ്ദേശസ്വയംഭരണം, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിമാർ ഉൾപ്പെടുന്ന ഉന്നതതല യോഗം ജൂലൈ മാസത്തിൽ വിളിച്ചുചേർത്ത് പരിഹാര നടപടി സ്വീകരിക്കുന്നതാണ്.

(3) എയ്ഡഡ് മേഖലയിൽ ഭിന്നശേഷിക്കാർക്ക് സംവരണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): എയ്ഡഡ് മേഖലയിൽ ഭിന്നശേഷിക്കാർക്ക് മുൻകാല പ്രാബല്യത്തോടെ ഉദ്യോഗ സംവരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർക്കാർ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാരുടെ നിയമനത്തിൽ സംവരണം പാലിക്കണമെന്ന് നിയമമുണ്ട്. അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ ഭിന്നശേഷി വിഭാഗത്തിൽ ഏതൊക്കെ ഉൾപ്പെടുത്തണമെന്ന് സാമൂഹ്യനീതി വകുപ്പ് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത സംവരണം നൽകിയാണ് പി.എസ്.സി. നിമയനം നടത്തിവരുന്നത്. ഹൈക്കോടതിയുടെ അന്തിമവിധി വന്നതിനുശേഷം മാത്രമെ 7-11-2021 വരെ സ്കൂൾ മാനേജർമാർ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുകയുള്ളൂ. 8-11-2021-ന് ശേഷമുള്ള നിയമനങ്ങളിൽ ബാക്ക്‌ലോഗ് നോക്കി ഭിന്നശേഷി സംവരണം പാലിക്കേണ്ടതും ആയത് പരിശോധിച്ചുമാത്രം വിദ്യാഭ്യാസ ആഫീസർമാർ അംഗീകാരം നൽകേണ്ടതുമാണെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്.

(4) കലശമല ഇക്കോട്ടൂറിസം പദ്ധതി

ശ്രീ. എ. സി. മൊയ്തീൻ: കലശമല ഇക്കോട്ടൂറിസം പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തി രണ്ടാംഘട്ട വികസന പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കലശമല ഇക്കോട്ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതിനും പദ്ധതി പ്രദേശത്തേയ്ക്കുള്ള റോഡ് വികസനത്തിനുമായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെയടിസ്ഥാനത്തിൽ സ്ഥലമേറ്റെടുക്കാൻ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറലിനെയും സാമൂഹിക ആഘാത പഠനം നടത്തുന്നതിന് രാജഗിരി ഔട്ട്റീച്ച് സൊസൈറ്റിയെയും ചുമതലപ്പെടുത്തുകയും കണ്ടിജൻസി ചാർജായി 50 ലക്ഷം രൂപ കൈമാറുകയും ഭൂമി ഏറ്റെടുക്കലിന് ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(5) ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് നിർമ്മാണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: കയ്പമംഗലം മണ്ഡലത്തിലെ ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡിലെ ചെയ്നേജ് 3/250 മുതൽ 3/900 വരെയുള്ള ദൂരം

നവീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഈസ്റ്റ് ടിപ്പുസുൽത്താൻ റോഡ് നിർമ്മാണത്തിന് 60 ലക്ഷം രൂപയുടെ അനുമതി നൽകി സൈറ്റ് കൈമാറിയിട്ടുണ്ട്. പ്രസ്തുത റോഡിലെ ചെയ്നേജ് 3/250 മുതൽ 3/900 വരെ ടൈലിട്ട ഭാഗങ്ങളൊഴികെ 508 മീറ്റർ ബി.എം.&ബി.സി. ഉപയോഗിച്ച് ഉപരിതലം പുതുക്കുന്നതിന് ഭരണാനുമതി നൽകിയെങ്കിലും പ്രവൃത്തിയിൽ വരുത്തിയ ക്രമീകരണങ്ങളെത്തുടർന്ന് എസ്റ്റിമേറ്റ് പുതുക്കി റീ-ടെണ്ടർ ചെയ്യുണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ റെക്റ്റിഫിക്കേഷൻ പ്രവൃത്തികൾ ക്രമീകരിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(6) ആറളം ഫാം ഹയർസെക്കണ്ടറി സ്കൂളിലെ അദ്ധ്യാപക തസ്തികകൾ

ശ്രീ. സണ്ണി ജോസഫ്: ആറളം ഫാം ഹയർസെക്കണ്ടറി സ്കൂളിൽ അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനും പ്രിൻസിപ്പാൾ തസ്തികയിലെ ഒഴിവ് നികത്തുന്നതിനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ആറളം ഫാം ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പാൾ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ ആവശ്യപ്പെട്ട അധിക വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ ആവശ്യമായ തീരുമാനമെടുക്കുന്നതാണ്. തസ്തികകൾ സൃഷ്ടിക്കാത്ത വിദ്യാലയങ്ങളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കാനുള്ള അനുമതി നൽകിയിട്ടുള്ളതിനാൽ നിലവിൽ പ്രതിസന്ധിയില്ല.

(7) കുറത്തിക്കാട് കുടിവെള്ള പദ്ധതി

ശ്രീ. എം. എസ്. അരുൺ കുമാർ: കുറത്തിക്കാട്-ഭരണിക്കാവ് ശുദ്ധജല പദ്ധതി അടിയന്തരമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): തെക്കേക്കര പഞ്ചായത്തിലെ കുറത്തിക്കാട് ജല സംഭരണിയിലേയ്ക്ക് പ്രായിക്കര കല്ലുമലയിൽ റെയിൽവേ ക്രോസ് ചെയ്ത് പൈപ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷ സമർപ്പിക്കുകയും ഇതിനുവേണ്ട തുക റെയിൽവേയ്ക്ക് നൽകുകയും ചെയ്തിരുന്നു. 2020-ൽ ഭരണാനുമതി ലഭിച്ച ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി

സ്വീകരിച്ചുവരികയാണ്.

## (8) ഗുരുവായൂർ സ്വീവേജ് പദ്ധതി

ശ്രീ. എൻ. കെ. അക്ബർ: ഗുരുവായൂർ അഴുക്കുചാൽ പദ്ധതിയുടെ പമ്പിംഗ് മെയിൻ മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ഗുരുവായൂർ സ്വീവേജ് പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം നിരീക്ഷണ കാലയളവിൽ ശ്രദ്ധയിൽപ്പെട്ട ആറ് ലീക്കുകൾ പരിഹരിച്ചിട്ടുണ്ട്. നിരീക്ഷണ കാലയളവിൽ ഇനിയും ലീക്ക് ഉണ്ടാകുകയാണെങ്കിൽ സ്റ്റേറ്റ് പ്ലാൻ സ്വീവേജ് ശീർഷകത്തിലുൾപ്പെടുത്തി പ്രസ്തുത പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതാണ്. പ്ലാന്റിലേയ്ക്കും പമ്പ് ഹൗസിലേയ്ക്കും ഉപയോഗിക്കുന്ന കാലപ്പഴക്കമുള്ള വിവിധ മോട്ടോറുകൾ മാറ്റിസ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

## (9) കരുനാഗപ്പള്ളി കേരള ഫീഡ്സ് പ്ലാന്റിലെ ജീവനക്കാരുടെ ആവശ്യങ്ങൾ

ശ്രീ. സി. ആർ. മഹേഷ്: കരുനാഗപ്പള്ളി കേരള ഫീഡ്സ് പ്ലാന്റിലെ ജീവനക്കാർക്ക് മിനിമം ശമ്പളം, ശതമാനാടിസ്ഥാനത്തിൽ ബോണസ്, ചികിത്സാ സൗകര്യം, റിട്ടയർമെന്റ് ആനുകൂല്യം എന്നിവ നൽകുന്നതിനും തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തി തൊഴിൽ പ്രശ്നങ്ങൾക്ക്

പരിഹാരം കാണുന്നതിനും നടപടി സ്വീകരിക്കണം.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനിയുടെ കരുനാഗപ്പള്ളി യൂണിറ്റിൽ തൊഴിലാളി യൂണിയനുകൾ നോമിനികളായി നൽകിയ തൊഴിലാളികളെ ജോലിയിലേർപ്പെടുത്തിയിട്ടുള്ളതും യൂണിയനുകളുമായിട്ടുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ തീരുമാനിച്ചിട്ടുള്ളതുമാണ്. നിലവിലെ കരാർപ്രകാരമുള്ള കൂലിനിരക്കുകളും മറ്റ് ആനുകൂല്യങ്ങളും തൊഴിലാളികൾക്ക് നൽകുന്നതോടൊപ്പം ജോലി സമയത്തുണ്ടാകുന്ന അപകടങ്ങളുടെ പ്രാഥമിക ചെലവ് കമ്പനി വഹിക്കുന്നുണ്ട്.

## (10) ചൂരുപാറ മേഖലയിലെ കൈവശഭൂമിക്ക് പട്ടയം

ശ്രീ. കെ. ഡി. പ്രസേനൻ: ചൂരുപാറ മേഖലയിൽ യു.റ്റി.റ്റി. കമ്പനിയിൽനിന്നും സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിൽ താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനും അവശേഷിക്കുന്ന ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനും മുൻകയ്യെടുക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): യു.റ്റി.റ്റി. കമ്പനിയിൽ നിയോഗിച്ചിരുന്ന സർവ്വേയർമാരെ മറ്റ് താലൂക്കുകളിൽ

എൽ.ആർ.എം. ജോലിക്കും മറ്റും നിയോഗിച്ചതിനാൽ കമ്പനി മിച്ചഭൂമിയിൽ 60 ശതമാനം സർവ്വേ മാത്രമേ നടന്നിട്ടുള്ളൂ. പ്രൈവറ്റ് സർവ്വേയർമാരുൾപ്പെടുന്ന സ്പെഷ്യൽ സർവ്വേ ടീമിനെ സർവ്വേനടപടികൾ പുനരാരംഭിക്കുന്നതിനായി നിയോഗിക്കണമെന്ന ജില്ലാ കളക്ടറുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ടീമിനെ നിയോഗിച്ച് സർവ്വേ നടപടികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**റൂളിംഗ്**

<u>28-06-2022-ന് ശ്രീ. മാത്യു ടി. തോമസ് ഉന്നയിച്ച ക്രമപ്രശ്നത്തിന്മേലുള്ള റൂളിംഗ്</u>

2022 ജൂൺ 27-ാം തീയതി ശ്രീ. ടി. സിദ്ദിഖും മറ്റ് അഞ്ച് അംഗങ്ങളും ചേർന്ന് ചട്ടം 50 പ്രകാരം നൽകിയിരുന്ന അടിയന്തരപ്രമേയ നോട്ടീസ് സംബന്ധിച്ച വാർത്തകൾ അന്നേ ദിവസം സഭാ സമ്മേളനത്തിനുമുമ്പുതന്നെ ദൃശ്യ മാധ്യമങ്ങൾ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചതും ശൂന്യവേളയിൽ നോട്ടീസ് നൽകിയ അംഗത്തിന്റെ പേര് വിളിച്ചപ്പോൾ സഭയിലുണ്ടായിരുന്നിട്ടും പ്രസ്തുത അംഗം അനുമതി തേടാതിരുന്നത് സഭാ ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും ലംഘനമാണെന്നും ഇതുസംബന്ധിച്ച് റൂളിംഗ് വേണമെന്നും ശ്രീ. മാത്യു ടി. തോമസ് ക്രമപ്രശ്നത്തിലൂടെ

ഉന്നയിച്ചിരുന്നു.

നടപടിക്രമത്തിന്റെയും സഭാ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ചെയർ ഇക്കാര്യം പരിശോധിച്ചു. നോട്ടീസുകളുടെ മുൻകൂട്ടിയുള്ള പ്രചാരണം പാടില്ലെന്നത് സംബന്ധിച്ച സഭാ ചട്ടം 266-ൽ പറയുന്നത്, " സ്പീക്കർ അനുവദിക്കുകയും അംഗങ്ങൾക്ക് സർക്കുലേറ്റ് ചെയ്യുകയും ചെയ്യുന്നതുവരെ ഏതെങ്കിലും അംഗമോ മറ്റ് വ്യക്തിയോ ഒരു നോട്ടീസിന് പ്രചാരണം നൽകാൻ പാടുള്ളതല്ല. എന്നാൽ ചോദ്യം സംബന്ധിച്ച നോട്ടീസിന് സഭയിൽ ആ ചോദ്യത്തിന് മറുപടി നൽകുന്ന ദിവസം വരെ യാതൊരു പ്രചാരണവും നൽകാൻ പാടുള്ളതല്ല" എന്നാണ്. സഭാ നടപടികളുടെ ഭാഗമായി അംഗങ്ങൾ നൽകുന്ന വിവിധ നോട്ടീസുകൾക്ക് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രചാരണം നൽകിയ സംഭവം അന്നേ ദിവസം നടാടെ സംഭവിച്ചുപോയ ഒന്നാണെന്ന് കരുതുന്നില്ല. സഭാനടപടി ചട്ടത്തെ സംബന്ധിച്ചുള്ള ധാരണക്കുറവുകൊണ്ടുണ്ടാകുന്ന വീഴ്ചയായി മാത്രം ഇതിനെ കാണാനാകില്ല. സഭയുടെയും സഭാംഗങ്ങളുടെയും അന്തസ്സും അവകാശങ്ങളും ഹനിക്കുന്ന തരത്തിലുള്ള ഇത്തരം പ്രവണതകൾ മേലിൽ ആവർത്തിക്കുന്നില്ലെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തണം.

ചട്ടം 50 പ്രകാരം നൽകിയ നോട്ടീസ് പരിഗണിക്കുന്നതിന്റെ ഭാഗമായി

ചെയർ ബന്ധപ്പെട്ട അംഗത്തെ ക്ഷണിക്കുമ്പോൾ അദ്ദേഹം സഭയിലുണ്ടായിരുന്നിട്ടും അനുമതി തേടാതിരുന്നതിനെ സംബന്ധിച്ചും പരിശോധിച്ചു. പ്രതിപക്ഷാംഗങ്ങൾ നടത്തിയ പ്രതിഷേധനടപടികളുടെ ഭാഗമായിട്ടാണെങ്കിലും സഭാ നടപടികളിൽ സംഭവിക്കുന്ന ഇത്തരം രീതികൾ തികഞ്ഞ അനൗചിത്യമായി കാണേണ്ടതാണെന്നാണ് ചെയറിന്റെ അഭിപ്രായം.

## IV. ധനകാര്യം

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ
ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ
(1275,42,25,000 രൂപ)

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ
(300,20,29,000 രൂപ)

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ

പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) : വ്യവസായം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായ-വൈദ്യുതി വകുപ്പുകൾ മികച്ച പ്രവർത്തനങ്ങളാണ് കാഴ്ചവച്ചിട്ടുള്ളത്. കേരളത്തിൽ വ്യാവസായിക അനുകൂല അന്തരീക്ഷം സൃഷ്ടിച്ചതും കാലഹരണപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തിയതും എം.എസ്.എം.ഇ.കൾക്ക് ധനസഹായം നൽകിയതും അടഞ്ഞുകിടന്ന പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിച്ചതും അനാദായകരമായ സ്ഥാപനങ്ങൾ ലാഭകരമാക്കിയതും സർക്കാരിന്റെ ഭരണമികവിന്റെ മകുടോദാഹരണങ്ങളാണ്. വൈദ്യുതി മേഖലയിൽ കൽക്കരി ക്ഷാമം ഉൾപ്പെടെയുള്ള പ്രതിസന്ധി നിലനിൽക്കുമ്പോഴും യഥേഷ്ടം വൈദ്യുതി ലഭ്യമാക്കാൻ വൈദ്യുതി വകുപ്പിന് സാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം ഉൾപ്പെടെയുള്ള വിവിധ മേഖലകളിലെ മെച്ചപ്പെട്ട പ്രവർത്തനത്തിന്റെ

ഫലമായി നീതി ആയോഗിന്റെയും ഐക്യരാഷ്ട്രസഭയുടെയും അംഗീകാരം നേടിയെടുക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളം വ്യവസായത്തിന്റെ ശവപ്പറമ്പായി മാറിയിരിക്കുകയാണ്. നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. വ്യവസായ സ്ഥാപനങ്ങളിൽ നിന്നും വൈദ്യുതി ചാർജ്ജ് കുടിശ്ശിക യഥാസമയം പിരിച്ചെടുക്കാതെ ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിച്ച് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്ന നടപടി ന്യായീകരിക്കാവുന്നതല്ല. ദ്വൈമാസാടിസ്ഥാനത്തിൽ വൈദ്യുതി ബിൽ കണക്കാക്കി തുക ഈടാക്കുന്ന രീതി അവസാനിപ്പിക്കണം.

ശ്രീ. വി. ശശി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വ്യവസായ രംഗത്ത് മികച്ച നേട്ടം കൈവരിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി രൂപം നൽകിയിട്ടുള്ള എം.എസ്.എം.ഇ. ക്ലിനിക്കുകളുടെ സേവനം പുതുതായി ആരംഭിക്കുന്ന വ്യവസായ സംരംഭങ്ങൾക്കുകൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കൈത്തറി

മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തണം. നിക്ഷേപം ആകർഷിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളും സ്വകാര്യ മേഖലയിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടിയും സ്വാഗതാർഹമാണ്.

ശ്രീ. നജീബ് കാന്തപുരം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അന്യ സംസ്ഥാനങ്ങളിൽ മലയാളി സംരംഭകർ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതിനോ സംസ്ഥാനത്തേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനോ സർക്കാർ തയ്യാറാകാത്തത് ഖേദകരമാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മഹാമാരി, പ്രകൃതി ദുരന്തങ്ങൾ, ആഗോള സാമ്പത്തികമാന്ദ്യം, കേന്ദ്ര സർക്കാരിൽനിന്നുള്ള അവഗണന എന്നിവ അതിജീവിച്ചുകൊണ്ടാണ് കെ-ഫോൺ, റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്, കിഫ്ബി, ലൈഫ് മിഷൻ, ആർദ്രം, ഡിജിറ്റൽ സർവ്വകലാശാല എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. പുതിയ തൊഴിൽ സാധ്യതകൾ രൂപപ്പെടുത്തുന്നതിനായി അടിസ്ഥാന വികസനം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ്

നടത്തിവരുന്നത്. ഏഷ്യയിലെ മികച്ച സ്റ്റാർട്ടപ് സൗഹൃദ സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടത് അഭിനന്ദനാർഹമാണ്. ഐ.ടി. ഇതര സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഊർജ്ജ വിതരണം പൊതുമേഖലയിൽ നിലനിർത്തുകയും വ്യവസായ, സേവന മേഖലകൾക്ക് സബ്സിഡിയോടുകൂടി വൈദ്യുതി ലഭ്യമാക്കുകയുമാണ് സർക്കാരിന്റെ ലക്ഷ്യം.

<u>ശ്രീ. ജോബ് മൈക്കിൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 'മീറ്റ് ദി മിനിസ്റ്റർ' പരിപാടിയിലൂടെ വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട ആയിരത്തിലേറെ പരാതികൾ പരിഹരിച്ച വ്യവസായ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി തുറന്നുപ്രവർത്തിപ്പിച്ചതും 50 കോടിയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് ലൈസൻസ് നൽകുന്നതിലെ കാലതാമസം ഒഴിവാക്കാൻ പ്രത്യേക നിയമമുണ്ടാക്കിയതും അഴിമതി ഇല്ലാതാക്കാൻ 5 വകുപ്പുകളെ സംയോജിപ്പിച്ച് പ്രത്യേക പരിശോധനാ സംവിധാനം ആവിഷ്കരിച്ചതും പ്രശംസനീയമാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും വൈദ്യുതി ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചത് സ്വാഗതാർഹമാണ്. കോട്ടയം

ജില്ലയിലെ ഇലക്ട്രോ കെമിക്കൽസിന്റെ സർക്കാർ വകഭൂമിയിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിച്ച് ചങ്ങനാശ്ശേരിയിലെയും സമീപപ്രദേശങ്ങളിലെയും വൈദ്യുതിദൗർലഭ്യം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. അനൂപ് ജേക്കബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ നിക്ഷേപസൗഹൃദമാക്കുന്നതിനായി ആവിഷ്കരിക്കുന്ന പദ്ധതികളൊന്നും ഫലപ്രദമാകുന്നില്ലെന്നുമാത്രമല്ല മൂലധന നിക്ഷേപത്തിന്റെ കാര്യത്തിൽ കേരളം ഏറ്റവും പുറകിലുമാണ്. സ്മാർട്ട് സിറ്റി പദ്ധതിയിലൂടെ പ്രതീക്ഷിച്ചത്ര സംരംഭങ്ങളോ തൊഴിലവസരങ്ങളോ ഉണ്ടായിട്ടില്ല. കണ്ണൂർ, കൊല്ലം ജില്ലകളിൽ പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കാനും നാല് ഐ.ടി. ഇടനാഴികൾ വികസിപ്പിക്കാനുമുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കാത്തത് പ്രതിഷേധാർഹമാണ്. അസന്റ് കേരളയ്ക്കുശേഷം സംസ്ഥാനത്തിനുണ്ടായ നേട്ടത്തേക്കുറിച്ചും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചും പരിശോധിക്കണം. എച്ച്.എൻ.എൽ.-ന്റെ ഭൂമിയിൽ എയിംസ് സ്ഥാപിക്കാനും പിറവം നിയോജകമണ്ഡലത്തിലെ ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന് 100 ഏക്കർ ഭൂമി ഏറ്റെടുക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. പി. വി. ശ്രീനിജിൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 50

കോടി രൂപയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 7 ദിവസത്തിനകം കമ്പോസിറ്റ് ലൈസൻസ് നൽകാൻ നിയമം പാസ്സാക്കിയതും അഴിമതിയും ധൂർത്തും തടയുന്നതിനായി കെ-സ്വിഫ്റ്റ് പോർട്ടലിലൂടെ ഏകീകൃത പരിശോധനാ സംവിധാനം നടപ്പിലാക്കിയതും കാക്കനാട് കിൻഫ്ര പാർക്കിൽ ഇലക്ട്രോണിക്സ് ആന്റ് മാനുഫാക്ചറിംഗ് ക്ലസ്റ്ററിനായി ടി.സി.എസ്.-മായി കരാറിൽ ഒപ്പുവച്ചതും പത്തേക്കറിലധികം ഭൂമിയുള്ള സ്വകാര്യ വ്യക്തികൾക്ക് വ്യവസായ പാർക്കിനായി മൂന്നുകോടി രൂപ ധനസഹായം നൽകിയതും സ്വാഗതാർഹമാണ്. ഫുഡ് പ്രോസസിംഗ് പാർക്ക് ആരംഭിക്കാൻ യു.എ.ഇ. സർക്കാർ സന്നദ്ധത പ്രകടിപ്പിച്ചതും കേരളത്തിലെ മികച്ച ഉത്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകാൻ നടപടി സ്വീകരിച്ചതും 41 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാനുള്ള പദ്ധതി തയ്യാറാക്കിയതും അമ്പലമുകളിൽ പെട്രോകെമിക്കൽ പാർക്കിന്റെ നിർമ്മാണം ആരംഭിച്ചതും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി ഏറ്റെടുത്ത് പ്രവർത്തനക്ഷമമാക്കിയതും സർക്കാരിന്റെ നേട്ടങ്ങളാണ്.

ശ്രീ. പി. മമ്മിക്കുട്ടി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾക്കും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും വൈദ്യുതി ലഭ്യമാക്കിയതും 173 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കാൻ സാധിച്ചതും വിദ്യാഭ്യാസ മേഖലയിൽ ഡിജിറ്റൽ ഡിവൈസുകളിലൂടെയുള്ള

ക്ലാസ്സുകൾ ആരംഭിച്ചതും അഭിനന്ദനാർഹമാണ്.

<u>ശ്രീമതി കെ. കെ. രമ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വ്യവസായങ്ങളെയും സംരംഭങ്ങളെയും ആകർഷിക്കുന്ന പുതിയ പദ്ധതികളൊന്നും ആരംഭിക്കാൻ സർക്കാരിന് സാധിച്ചിട്ടില്ല. Entrepreneur support Scheme-ന്റെ പരിധി ഉയർത്താനും വ്യവസായ സ്ഥാപനങ്ങൾക്കായുള്ള ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി ലോണുകൾക്ക് നികുതിയിലും പലിശയിലും ഇളവ് നൽകി പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം. കൂടുതൽ വ്യവസായ യൂണിറ്റുകളും തൊഴിലും നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്തുകയും സ്ത്രീസൗഹൃദ - ഭിന്നശേഷി സൗഹൃദ വ്യവസായങ്ങൾക്ക് ഊന്നലും പ്രോത്സാഹനവും നൽകുകയും വേണം. കെ.എസ്.ഇ.ബി.എൽ.-മായി ബന്ധപ്പെട്ട ആരോപണങ്ങളിന്മേൽ സ്വതന്ത്ര അന്വേഷണം നടത്തണം. കയർ, കൈത്തറി വ്യവസായങ്ങളെ സംരക്ഷിക്കാനും സർക്കാർ ഓഫീസുകളിൽ ഖാദി വസ്ത്രം ധരിക്കുന്നത് നിർബന്ധമാക്കാനും നടപടി സ്വീകരിക്കണം. മണ്ണൊലിപ്പ് തടയുന്നതിനും കടൽ ഭിത്തി കെട്ടുന്നതിനും, നദീതടങ്ങൾ ബലപ്പെടുത്തുന്നതിനും ജിയോ ഫൈബറുകളും ട്യൂബുകളുമുൾപ്പെടെയുള്ള കയർ ഉത്പന്നങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

സാമ്പത്തിക പ്രതിസന്ധിയിലും വ്യവസായ വികസനത്തിന് ഊന്നൽ നൽകിയ സർക്കാരിന്റെ പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കോവിഡ് കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് 146 കോടി രൂപയുടെ സഹായ പദ്ധതി നടപ്പിലാക്കിയത് സർക്കാരിന്റെ നേട്ടമാണ്. വ്യവസായങ്ങൾക്ക് ഭൂമി ലഭ്യമാക്കുകയും വായ്പാതിരിച്ചടവിനുള്ള കാലപരിധി നീട്ടിയതും പ്രത്യേക ലോൺ പാക്കേജുകൾ ഏർപ്പെടുത്തിയതും ഈ മേഖലയോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്. വ്യവസായ സ്ഥാപനങ്ങളിൽ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം ഏർപ്പെടുത്തിയതും ഇൻവെസ്റ്റ് കേരള ഹെൽപ്പ് ഡെസ്ക് എന്ന ആശയം കൊണ്ടുവന്നതും സർക്കാരിന്റെ നേട്ടങ്ങളാണ്. എഫ്.എ.സി.റ്റി.-യുടെ പെട്രോ കെമിക്കൽ പാർക്കിന്റെ പ്രവൃത്തികൾ ആരംഭിക്കാനും ബി.പി.സി.എൽ. കൊച്ചിൻ റിഫൈനറിയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും നടപടി സ്വീകരിക്കണം. ലീസ് നൽകുന്ന ഭൂമി വായ്പാസൗകര്യത്തിന് ഉപയോഗപ്പെടുത്താൻ കഴിയുന്ന തരത്തിൽ റവന്യൂ നിയമങ്ങളിൽ പരിഷ്കാരം കൊണ്ടുവരണം. കൊച്ചി എൽ.എൻ.ജി. ടെർമിനൽ, വല്ലാർപാടം ഐ.സി.ടി.ടി. എന്നിവയുടെ വികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. കൊച്ചിൻ ട്രാവൻകൂർ കെമിക്കൽസ്, ട്രാക്കോ

കേബിൾ കമ്പനി എന്നിവിടങ്ങളിലെ തൊഴിൽപ്രശ്നങ്ങൾ പരിഹരിക്കണം.

ശ്രീ. അൻവർ സാദത്ത്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഗാർഹിക വൈദ്യുതി ചാർജ്ജ് അമിതമായി വർദ്ധിപ്പിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സർക്കാർ സമീപനം അപലപനീയമാണ്. ആലുവയിലെ കാഞ്ഞൂർ കെ.എസ്.ഇ.ബി. ഓഫീസിന് സ്വന്തമായി കെട്ടിടം അനുവദിക്കാനും ജി.ടി.എൻ. ടെക്സ്റ്റൈൽസ് ലിമിറ്റഡ് തുറന്നുപ്രവർത്തിപ്പിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. തോമസ് കെ. തോമസ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കുട്ടനാട് റൈസ് പാർക്കിനെ നൂറുദിന കർമ്മപദ്ധതിയിലുൾപ്പെടുത്തിയ നടപടി പ്രശംസനീയമാണ്. വ്യവസായ വികസനത്തിനുതകുന്ന നടപടികളുമായി മുന്നോട്ടുപോകാനും ഐ.ടി. പാർക്കുകൾ ആരംഭിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. ഐ. ബി. സതീഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പഞ്ചായത്തുകൾതോറും ഉന്നത ബിരുദധാരികളെ ഇന്റേണുകളായി നിയമിച്ചുകൊണ്ട് ഒരു പഞ്ചായത്തിൽ ഒരു വ്യവസായം എന്ന പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വാഗതാർഹമാണ്. 2022-23 സംരംഭകത്വ വർഷമായി പ്രഖ്യാപിച്ചതും മൂന്ന് മാസത്തിനകം 25,000 പുതിയ സംരംഭങ്ങൾ

ആരംഭിച്ചതും ഒരു വർഷത്തിനിടയിൽ സൗരോർജ്ജത്തിൽ നിന്നും 325 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംരംഭകത്വ വർഷത്തിന്റെ ഭാഗമായി ആരംഭിക്കാൻ പോകുന്ന യൂണിറ്റുകളുടെ പകുതി മാനുഫാക്ച്ചറിംഗ് ഇൻഡസ്ട്രിക്കായി നീക്കിവയ്ക്കാനും സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുകൂല സാഹചര്യം സൃഷ്ടിക്കാനും സർക്കാർ തയ്യാറാകണം. നിക്ഷേപ സംഗമങ്ങളിൽ ലഭിച്ച വാഗ്ദാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനോ നോക്കുകൂലി പൂർണ്ണമായും തടയുന്നതിനോ സർക്കാരിന് സാധിച്ചിട്ടില്ല. തദ്ദേശീയ ഉൽപ്പന്നങ്ങളെ ഉപയോഗപ്പെടുത്തി ചെറുകിട വ്യവസായങ്ങൾക്ക് പ്രാമുഖ്യം നൽകുകയും കാർഷികോൽപ്പന്നങ്ങൾ, മത്സ്യസമ്പത്ത് തുടങ്ങിയവ പരമാവധി ഉപയോഗപ്പെടുത്തുകയും കൃഷി, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ, വിനോദസഞ്ചാരം എന്നിവ ഏകോപിപ്പിക്കുകയും റബ്ബർ, നാളികേരം, മത്സ്യബന്ധനം എന്നിവയിലധിഷ്ഠിതമായ വ്യവസായമേഖലകൾ ശക്തിപ്പെടുത്തുകയും വേണം. കൽപ്പകഞ്ചേരി മിനി വ്യവസായ എസ്റ്റേറ്റ് യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതോടൊപ്പം കാർഷികാവശ്യത്തിന് അനുവദിച്ച വൈദ്യുതി ചാർജ്ജുമായി ബന്ധപ്പെട്ട കുടിശ്ശിക കൃഷി വകുപ്പ് അടയ്ക്കാൻ തയ്യാറാകണം.

വെങ്ങാലൂരിൽ 220 കെ.വി. സബ്സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിനും വളവന്നൂർ, തിരുനാവായ സബ്സ്റ്റേഷനുകൾ 110 കെ.വി. സബ്സ്റ്റേഷനുകളായി ഉയർത്തുന്നതിനും മാൽകോടെക്സ് സമർപ്പിച്ചിട്ടുള്ള മാസ്റ്റർപ്ലാൻ പരിഗണിക്കുന്നതിനും നടപടിയുണ്ടാകണം.

ശ്രീ. പി. ബാലചന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അങ്കമാലി, ആലുവ, ഏലൂർ വ്യവസായ മേഖലയിലെ 36 പൊതുമേഖലാ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാനും 85 വ്യവസായ സ്ഥാപനങ്ങൾ ലാഭകരമാക്കാനും വ്യവസായ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോർ, കൊച്ചി ഗിഫ്റ്റ് സിറ്റി എന്നിവ സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റുന്ന പദ്ധതികളാണ്. സംരംഭകരെ സഹായിക്കുന്നതോടൊപ്പം സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകത്വ പരിപാടികളും ആസൂത്രണം ചെയ്തുവരുന്നത് സ്വാഗതാർഹമാണ്.

ശ്രീ. കെ. ബാബു (നെന്മാറ): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും അതിൽ 21 എണ്ണം ലാഭകരമാക്കാനും സർക്കാരിന് സാധിച്ചു. കോവിഡ് കാലത്ത് 146 കോടി രൂപ വ്യവസായ ധനസഹായമായി അനുവദിക്കാനും ഊർജ്ജ

മേഖലയിൽ 173 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനും 2021-22 സാമ്പത്തിക വർഷം 1,466 കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടാക്കാനും സാധിച്ച നടപടി അഭിനന്ദനാർഹമാണ്.

ശ്രീ. റോജി എം. ജോൺ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വർഗ്ഗീയതയും അഴിമതിയും ധൂർത്തും മുഖമുദ്രയാക്കിയ സർക്കാർ ന്യൂനപക്ഷ - ഭൂരിപക്ഷ വർഗ്ഗീയതയെ പരിപോഷിപ്പിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്.

വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ധനാഭ്യർത്ഥന ചർച്ചയിൽ ഉയർന്നുവന്ന ക്രിയാത്മകമായ നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. വ്യവസായങ്ങൾക്ക് അനുകൂലമായ സാഹചര്യം സംജാതമായതിനെത്തുടർന്ന് നിരവധി സംരംഭകർ നിക്ഷേപം നടത്താൻ തയ്യാറായിട്ടുണ്ട്. 50 കോടി രൂപവരെയുള്ള വ്യവസായങ്ങൾക്ക് യാതൊരനുമതിയുമില്ലാതെ മൂന്നുവർഷംവരെ പ്രവർത്തിക്കുന്നതിന് 50 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് കമ്പോസിറ്റ് ലൈസൻസ് നൽകുന്നതിന് ഓൺലൈൻ സംവിധാനമേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 10 ഏക്കറിനുമുകളിൽ സ്ഥലമുള്ള സ്വകാര്യ സംരംഭകർക്ക് വ്യവസായ പാർക്കിന്റെ സ്റ്റാറ്റസ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വ്യവസായ

സ്ഥാപനങ്ങളിലെ പരിശോധനകൾ ഏകീകരിക്കുന്നതിന് Centralised Inspection System-ഏർപ്പെടുത്താനും 2022-23 സംരംഭകത്വ വർഷമായി ആചരിക്കാനും ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾ പ്രവർത്തനനിരതമാക്കാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ കർമ്മപദ്ധതി ആവിഷ്കരിച്ച് ഇന്റേൺസിനെ റിക്രൂട്ട് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് 4 ശതമാനം പലിശയ്ക്ക് വായ്പ നൽകുന്ന സംവിധാനം ഏർപ്പെടുത്തി ഇന്ററസ്റ്റ് സബ്‌വെൻഷൻ നൽകി ഓരോ ജില്ലകളിലും ടെക്നോളജി ക്ലിനിക്കുകൾ ആരംഭിക്കുന്നതോടൊപ്പം അതിനാവശ്യമായ ധനസഹായം നൽകുന്ന സംവിധാനവുമാണ് നടപ്പിലാക്കിയിട്ടുള്ളത്. സ്റ്റാർട്ടപ്പ് മിഷന്റെ ഭാഗമായി 'മെയ്ഡ് ഇൻ കേരള' ബ്രാൻഡ് ശക്തിപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഐ.ടി. അനുബന്ധ സ്റ്റാർട്ടപ്പുകൾക്ക് നൽകിയിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും മറ്റ് സ്റ്റാർട്ടപ്പുകൾക്കും നൽകാൻ തീരുമാനിച്ചിരിക്കുകയാണ്. എം.എസ്.എം.ഇ.-കൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കാൻ കിൻഫ്ര മുൻകയ്യെടുത്ത് 15 ഏക്കറിൽ അന്താരാഷ്ട്ര സൗകര്യങ്ങളോടുകൂടിയ എക്സിബിഷൻ കൺവെൻഷണൽ സെന്റർ ആരംഭിക്കുന്നതാണ്.

റിയാബിന്റെ കീഴിൽ 41 പൊതുമേഖലാ സ്ഥാപനങ്ങളുള്ളതിൽ 21 എണ്ണം ഈ സാമ്പത്തിക വർഷം ലാഭത്തിലാകുകയും 5 സ്ഥാപനങ്ങൾ ഏറ്റവും ഉയർന്ന ലാഭം നേടുകയും 10 പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റവും ഉയർന്ന ടേണോവർ നേടുകയും ചെയ്തിട്ടുണ്ട്. 41 പൊതുമേഖലാ സ്ഥാപനങ്ങൾക്കും മാസ്റ്റർ പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പി.എം.യു. (പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ്) സ്ഥാപിക്കുകയും ഒരു എക്സ്പെർട്ടിനെ കൺസൾട്ടന്റായി നിയമിച്ച് അവരുടെ പ്രവർത്തനം ലാഭകരമാക്കാനുമാണ് ശ്രമിക്കുന്നത്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ എല്ലാ ബാദ്ധ്യതയും തീർത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പുതിയ കമ്പനിയാക്കുകയും അതിന്റെ ആദ്യ രണ്ട് ഘട്ടങ്ങളുടെ അറ്റകുറ്റപ്പണി പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുകയും ചെയ്തിട്ടുണ്ട്. റബ്ബർ അധിഷ്ഠിതമായി പുതിയൊരു വ്യവസായ സംരംഭം കേരളത്തിൽ ആരംഭിക്കുന്നതാണ്. എയിംസ് അനുവദിക്കുന്നതിന് കിനാലൂരിൽ ഭൂമി കണ്ടെത്തി കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറിയ വിവരം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ASCEND Kerala 2020-ന്റെ ഭാഗമായി 151 പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. രാമനാട്ടുകര നോളജ് പാർക്കിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി ആരംഭിക്കാനായത് അഭിമാനകരമായ

നേട്ടമാണ്. കുറ്റ്യാടിയിൽ നാളികേര പാർക്ക് വൈകാതെ യഥാർത്ഥ്യമാകുന്നതാണ്. നോക്കുകൂലിക്കെതിരെ സംസ്ഥാന സർക്കാർ കർശന നടപടികളാണ് സ്വീകരിക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): വൈദ്യുതിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളുടെ ഫലമായി 363.5 മെഗാവാട്ടിന്റെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ വർഷം 124 മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. 1500 മെഗാവാട്ടിന്റെ പുതിയ ജലവൈദ്യുത പദ്ധതികളും പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും 3000 മെഗാവാട്ടിന്റെ പുതിയ പദ്ധതികളും ആരംഭിച്ച് ഉല്പാദനമേഖലയെ സ്വയംപര്യാപ്തമാക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. 2021-22 സാമ്പത്തിക വർഷം ഏകദേശം 1,417 കോടി രൂപയുടെ പ്രവർത്തനലാഭം രേഖപ്പെടുത്തിയിട്ടുണ്ട്. വൈദ്യുതി വിതരണ മേഖലയിൽ ഒരു വർഷംകൊണ്ട് ഏകദേശം 900 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കുകയും ബി.പി.എൽ. കുടുംബങ്ങൾക്കും അങ്കണവാടികൾക്കും സൗജന്യമായി വൈദ്യുത കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. അനെർട്ടിന്റെ

നേതൃത്വത്തിൽ 24 വൈദ്യുതി വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്. പി. എം. കുസും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിന്റെ ഭാഗമായി 5 ഏക്കറിൽ താഴെ ഭൂമിയുള്ള 9000 കർഷകർക്ക് പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്. സ്ഥാപിതശേഷിയിൽ 42.07 മെഗാവാട്ടിന്റെ വർദ്ധനവുണ്ടാക്കാനും 1836727 പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാനും 11513 പുതിയ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും സാധിച്ചിട്ടുണ്ട്. 14-ാം പഞ്ചവത്സരപദ്ധതി കാലയളവിൽ പുനരുപയോഗ സ്രോതസ്സുകളിൽനിന്ന് ഏകദേശം 3000 മെഗാവാട്ട് കണ്ടെത്താനാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. 42 ജലവൈദ്യുത പദ്ധതികളുടെ പര്യവേക്ഷണ നടപടികൾ പുരോഗമിക്കുന്നുണ്ട്. 99 പുതിയ സ്റ്റേഷനുകൾ, 1913 കിലോ മീറ്റർ പ്രസരണ ലൈനുകൾ എന്നിവ ആരംഭിക്കാനും 24 സബ്സ്റ്റേഷനുകൾ ഉയർന്ന വോൾട്ടേജിലേയ്ക്ക് മാറ്റി ശേഷി വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു. വൈദ്യുതിമൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് പഴകിയതും ശേഷികുറഞ്ഞതുമായ വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് കണ്ടക്ടറുകൾ കവചിത ചാലകങ്ങൾ ഉപയോഗിച്ച് പുനർനിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എൽ.റ്റി.

ലൈനുകളിൽ ഹോട്ട്ലൈൻ മെയിന്റനൻസ് നടപ്പാക്കുന്നതിനായി ഇൻസുലേഷൻ കേബിൾ സംവിധാനമുള്ള ഏരിയൽ ലിഫ്റ്റ് വ്യാപകമാക്കുന്നതാണ്. ജനകീയ ഹരിത ഊർജ്ജ മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ത്രിതല പഞ്ചായത്തുകൾ മുഖേന ചെറുകിട ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. 100 മെഗാവാട്ട് വീതം ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ, കാറ്റാടി വൈദ്യുത പദ്ധതി എന്നിവ ഒരു വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യുന്നതാണ്. കൃഷിക്ക് അനുയോജ്യമല്ലാത്തതും ആദിവാസികളുടേതുമായ സ്ഥലങ്ങൾ ഉപയോഗിച്ച് സ്ഥലമുടമകൾക്ക് വരുമാനം ലഭിക്കത്തക്കവിധത്തിൽ 150-200 മെഗാവാട്ട് കാറ്റാടി വൈദ്യുതി പ്ലാന്റുകൾ സ്ഥാപിക്കുന്നതാണ്. ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യനിരക്കിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി ആവിഷ്കരിക്കുന്നതോടൊപ്പം സബ്സിഡി സ്വീകരിക്കുന്ന കുടുംബങ്ങൾക്ക് സോളാർ ഊർജ്ജത്തിൽ 24 മണിക്കൂറും വൈദ്യുതി ലഭ്യമാക്കുന്ന ബാറ്ററി അധിഷ്ഠിത മൈക്രോഗ്രിഡുകൾ വികസിപ്പിച്ച് നൽകുന്നതുമാണ്. സ്വകാര്യ സംരംഭകരുടെ സഹായത്തോടെ വൈദ്യുതി വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല ആരംഭിക്കുന്നതും വിദൂര പ്രദേശങ്ങളിലെ ആദിവാസി

ഊരുകളിൽ സൗരോർജ്ജ റാന്തലുകൾ വിതരണം ചെയ്യുന്നതുമാണ്. വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ജില്ലാതലത്തിൽ പരാതി പരിഹാര അദാലത്ത് സംഘടിപ്പിക്കുന്നതും ലൈഫ് മിഷൻ/ബി.പി.എൽ ഉപഭോക്താക്കൾക്ക് പുരയിടത്തിൽനിന്ന് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിന് ഇളവ് അനുവദിക്കുന്നതും കെ.എസ്.ഇ.ബി.-യിലെ എല്ലാ സെക്ഷൻ ഓഫീസുകളിലും 'സേവനം വാതിൽപ്പടിയിൽ' പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതുമാണ്. ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി ഓൺലൈൻ സൗകര്യങ്ങൾ വിപുലീകരിക്കുന്നതാണ്. വിദഗ്ദ്ധ സമിതികൾ രൂപീകരിച്ച് ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് കെ.എസ്.ഇ.ബി.എൽ.-ലെ ജീവനക്കാരുടെ പുനഃസംഘടന നടപ്പാക്കുന്നതാണ്. ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിക്കാൻ ഇ.ആർ.പി., ഇ-ഓഫീസ് മുതലായ ഓഫീസ് ഓട്ടോമേഷൻ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ഹരിതോർജ്ജ മേഖലയെ നവീകരിക്കാൻ പര്യാപ്തമായ ആശയങ്ങൾ കണ്ടെത്തുന്ന സ്റ്റാർട്ടപ്പുകൾക്ക് ലാബ് സൗകര്യമുൾപ്പെടെയുള്ള സാങ്കേതിക സഹായങ്ങളും അന്താരാഷ്ട്രതലത്തിൽ പ്രഗത്ഭരായ വിദഗ്ദ്ധരുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭിക്കാനുള്ള സൗകര്യങ്ങളും ഒരുക്കുന്നതാണ്.

ഹൈഡ്രോ കൈനറ്റിക് സാങ്കേതികവിദ്യ അവലംബിച്ച് ലോവർ പെരിയാർ/കക്കാട് ജലവൈദ്യുതി പദ്ധതികളുടെ ടെയിൽ റെയ്സിൽ 25 kW-ന്റെ പൈലറ്റ് പദ്ധതിയും പാലക്കാട് ജില്ലയിൽ മൂലത്തറ, ലോവർ ലെഫ്റ്റ് ബാങ്ക് ഇറിഗേഷൻ കനാലിൽ 25 kW-ന്റെ പ്രോജക്ടിനുള്ള ടെണ്ടർ നടപടികളും നടപ്പിലാക്കും. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയും ശബ്ദവോട്ടോടുകൂടി സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## V. അറിയിപ്പ്

<u>സന്തോഷ് ട്രോഫി ജേതാക്കൾക്ക് അനുമോദനം</u>

<u>മി. സ്പീക്കർ</u>: ഇന്ന് വൈകുന്നേരം 6.00 മണിക്ക് ആർ. ശങ്കരനാരായണൻ തമ്പി മെംബേഴ്സ് ലോഞ്ചിൽ സംഘടിപ്പിക്കുന്ന സന്തോഷ് ട്രോഫി ഫുട്ബോൾ ടൂർണമെന്റിലെ ജേതാക്കളായ കേരള ടീമിനെ അനുമോദിക്കുന്ന ചടങ്ങിൽ എല്ലാ അംഗങ്ങളുടെയും പങ്കാളിത്തം അഭ്യർത്ഥിക്കുന്നു.

സഭ ഉച്ചയ്ക്കുശേഷം 3.36-ന് പിരിഞ്ഞു.